LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അസിസ്റ്റന്റ് പ്രൊഫസർമാരുടെ 3 ഒഴിവുകളും ലക്ചററുടെ ഒരു ഒഴിവും നിലവിലുണ്ട്.

(ബി-ഡി) 31-3-2003-ൽ കൂടിയ ഡി.പി.സി. ലക്ചറർ തസ്തികയിലേക്കുള്ള കുറിപ്പുകൾ പരിഗണിക്കാതിരുന്നതു കാരണമാണ് പ്രസ്തുത തസ്തികകളിലേക്ക് ഒഴിവുകൾ നികത്താൻ കഴിയാതെ പോയത്. അടുത്ത ഡി.പി.സി.യിൽ ഇക്കാര്യം വീണ്ടും സമർപ്പിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

(ഇ-ജി) നിവേദനം ലഭിച്ചിട്ടുണ്ട്. അടുത്ത ഡി.പി.സി. കൂടുന്നതിനുള്ള നടപടികളെടുത്തുവരുന്നു. ഡി.പി.സി. കൂടി സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പോസ്റ്റുമോർട്ടവുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് നൽകിയിരുന്ന അലവൻസ്

144 (4579) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലെ ഏതെല്ലാം ജീവനക്കാർക്കാണ് പോസ്റ്റ്മോർട്ടം അലവൻസ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അലവൻസ് ഡോക്ടർമാർക്ക് മാത്രം നൽകിയാൽ മതിയെന്ന് സമീപകാലത്ത് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധമായി എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) പോസ്റ്റുമോർട്ടവുമായി ബന്ധപ്പെട്ട് മറ്റ് ജീവനക്കാർക്ക് നൽകിയിരുന്ന അലവൻസ് പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹോം നഴ്സിംഗ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

145 (4580) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഹോം നഴ്സിംഗ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഹോം നഴ്സിംഗ് സേവനം അനുഷ്ഠിക്കുന്നവരുടെ സേവന-വേതന നിരക്കുകൾക്ക് പൊതുമാനദണ്ഡം ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വ്യക്തമാക്കാമോ ;